**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കണ്ണൂർ ജില്ലയിലെ ചൊവ്വ - നടാല് ബൈപ്പാസ് നിർമ്മാണ പ്രവ്യൃത്തി സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 163/04 നമ്പർ കേസ്സിലെ വിധിതുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (പിഎസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1878/2025/PWD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 935/2022/പൊ.മ.വ തീയതി 15.09.2022
2. സ.ഉ.(സാധാ) നം. 1112/2022/പൊ.മ.വ തീയതി 15.11.2022
3. പൊതുമരാമത്ത് (നിരത്ത്) ചീഫ് എഞ്ചിനീയറുടെ 13.01.2025 ലെ നം CEPWD/9650/2022-FR5(F)-RD കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചൊവ്വ - നടാല് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട LAR 148/2000 കേസ്സിന്റെ വിധി നടപ്പിലാക്കുന്നതിനായി പരാമർശം (1) ഉത്തരവുപ്രകാരം Rs.233932 രൂപയും LAR 12/1999 കേസ്സിന്റെ വിധി നടപ്പിലാക്കുന്നതിനായി പരാമർശം (2) ഉത്തരവുപ്രകാരം 2473 രൂപയും ( ആകെ Rs.236405) അനുവദിച്ച് ഉത്തരവായിരുന്നു.

കണ്ണൂർ ജില്ലയിലെ ചൊവ്വ - നടാല് ബൈപ്പാസ് നിർമ്മാണ പ്രവ്യൃത്തി സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 163/04 നമ്പർ കേസ്സിന്റെ വിധി തുകയായ 26352 രൂപ അനുവദിക്കുന്നതിനും, ടി തുക കൂടെ ചേർത്ത് ആകെ 262757 രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനും, പരാമർശം (3) കത്ത് മുഖേന ചീഫ് എഞ്ചീനിയർ ( നിരത്ത് ) പ്രൊപ്പസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൊവ്വ - നടാല് ബൈപ്പാസ് നിർമ്മാണ പ്രവ്യൃത്തി സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട LAR 163/04 കേസ്സിന്റെ വിധി തുകയായ 26352 രൂപ അനുവദിക്കുന്നതിന് പരാമർശം ( 1 ) & ( 2 ) ഉത്തരവുകൾ പ്രകാരം അനുവദിച്ച തുക കൂടെ ചേർത്ത് ആകെ 262757 ( രണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി എഴുനൂറ്റി അമ്പത്തിയേഴ് രൂപ ) രൂപയുടെ പുതുക്കിയ ഭരണാനുമതി 5054-04-337-80-PC എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുമേഷ് കുമാർ സി**

**ജോയിന്റ് സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തു വിഭാഗം), തിരുവനന്തപുരം

സൂപ്രണ്ടിംഗ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്), നോർത്ത് സർക്കിൾ. കോഴിക്കോട്

എക്സിക്യൂട്ടിവ് എഞ്ചിനീയർ,പൊതുമരാമത്ത് (നിരത്തു വിഭാഗം), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്),തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി(പിഎസ്2/253/2025)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sudha B

Date: 16-12-2025 17:15:00